بسم الله الرحمن الرحيم

نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
19.8.2005
ബൈത്തുൽ ഫുതൂഹ്, ലണ്ടൻ

# നബിതിരുമേനി വരുത്തിയ ആത്മീയവിപ്ലവം

لَقَدْ مَنَّ اللّٰهُ عَلَى الْمُؤْمِنِيْنَ إِذْ بَعَثَ فِيْهِمْ رَسُوْلًا مِّنْ أَنْفُسِهِمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَ
يُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ وَإِنْ كَانُوْا مِنْ قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ

**അ**റബികളെ പുറംദേശത്തുള്ളവർ നിന്ദാദൃഷ്ടിയോടെ നോക്കിക്കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. നിസ്സാരവിലപോലും അവർക്കു നല്കിയിരുന്നില്ല. ചില പ്രദേശത്തുള്ളവരെ അങ്ങേയറ്റം അജ്ഞരും മൂഢരുമായിട്ടായിരുന്നു അവർ മനസ്സിലാക്കിയിരുന്നത്. ഈ നഗരങ്ങളിൽ ചുരുക്കം വീടുകളേ നല്ലതായി ഉണ്ടായിരുന്നുള്ളൂ. അധികവും ചെറ്റക്കുടിലുകളായിരുന്നു. താൽക്കാലികമായ ചുറ്റുപാടിലായിരുന്നു അവർ ഗ്രാമത്തിൽ കഴിഞ്ഞിരുന്നത്. അവരെ അജ്ഞരായി മനസ്സിലാക്കിയിരുന്നതുപോലെതന്നെ അവർ സംസ്കാരശൂന്യരുമായിരുന്നു. ചെറിയ ചെറിയ കാരണങ്ങളിൽ അവർ തമ്മിലടിച്ചു. അത് വർഷങ്ങളോളം നീണ്ടുനിന്നിരുന്നു.

ഒരിക്കൽ ഒരു പക്ഷി ഒരു മരത്തിൽ കൂടുകെട്ടി മുട്ടയിട്ട് അടയിരിക്കുകയായിരുന്നു. അറേബ്യയിലെ സർദാർമാരിൽ ഒരാൾ അതുവഴി പോയപ്പോൾ അത് കണ്ടു. 'ഞാൻ നിന്റെ സംരക്ഷകനാണെന്ന്' അയാൾ പറഞ്ഞു. അടുത്തദിവസം അയാൾ ചെന്നുനോക്കിയപ്പോൾ, പക്ഷി ഒരു മരക്കൊമ്പിൽ ചിലച്ചുകൊണ്ടിരിക്കുന്നതും കൂടുപൊളിഞ്ഞ് താഴെ കിടക്കുന്നതുമാണ് കണ്ടത്. അടുത്തുതന്നെ ഒരു പെൺഒട്ടകം മേയുന്നുണ്ടായിരുന്നു. ആ പക്ഷിക്കൂട് പൊളിച്ചിട്ടത് ആ ഒട്ടകം തന്നെയാണെന്ന് അയാൾക്കുറപ്പായി. വേറൊരു സർദാറിന്റെ അതിഥിയുടേതായിരുന്നു ആ ഒട്ടകം. അയാളുടെയടുക്കൽച്ചെന്ന് അയാൾ പറഞ്ഞു: "ഇന്ന് ഞാൻ ഈ ഒട്ടകത്തെ വെറുതെ വിട്ടിരിക്കുകയാണ്. ഇനി ഈ സ്ഥലത്തേക്കുവന്നാൽ ഞാനിതിനെ കൊല്ലുന്നതാണ്."

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആ ഒട്ടകം മറ്റു ഒട്ടകങ്ങളോടൊപ്പം വന്ന് പഴയസ്ഥലത്ത് വെള്ളം കുടിക്കാൻ തുടങ്ങി. അയാൾ അതിനെ അമ്പെയ്തു. മുറിവേറ്റ ഒട്ടകം ഓടിയോടി അതിന്റെ യജമാനന്റെ പടിവാതിൽക്കൽ ചെന്നുവീണു ചത്തു. അതവിടെ ഒരു വൻബഹളത്തിനു കാരണമായി. ആതിഥേയൻ പറഞ്ഞു: "നോക്കുക, നമ്മുടെ അതിഥിയുടെ ഒട്ടകത്തെ കൊന്നുകളഞ്ഞിരിക്കുന്നു. ഇത് നമ്മുടെ അഭിമാനത്തിന് ക്ഷതമേൽപിച്ചിരിക്കുകയാണ്." അങ്ങനെ അയാൾച്ചെന്ന് ആ അമ്പെയ്ത ആളേയും കൊന്നു. തുടർന്ന് യുദ്ധം പൊട്ടിപ്പുറപ്പെട്ടു. നാല്പത് വർഷംവരെ ഈ യുദ്ധം നീണ്ടുനിന്നു! ദീർഘമായ ഒരു വിവരണത്തെ ഞാൻ ചുരുക്കി പറഞ്ഞതാണ്.

ഇതായിരുന്നു അക്കാലത്തെ അറബികളുടെ അജ്ഞതാവസ്ഥ. ഇത്തരം കാര്യങ്ങളിൽ അവർ അഭിമാനംകൊണ്ടിരുന്നു. സ്ത്രീകൾക്ക് ഒരു മാന്യതയും കൊടുത്തിരുന്നില്ല. പെൺകുട്ടി പിറന്നാൽ ഉടനെ കുഴിച്ചുമൂടും. അഹങ്കാരം അവരുടെ മനസ്സിൽ നിറഞ്ഞിരുന്നു. മദ്യവും ചൂതാട്ടവും വ്യഭിചാരവും അവർ മാന്യതയായി കണ്ടിരുന്നു. അത് അഭിമാനത്തോടെ അവർ പറയുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അവരുടെ ധാർമ്മികാവസ്ഥ അങ്ങേയറ്റം തരംതാണ്പോയിരുന്നു. ജീവിതത്തിന്റെ ഏതുവശമെടുത്തു നോക്കിയാലും അവിടെയൊക്കെ വളരെ മോശമായ പ്രവൃത്തിയെ കണ്ടിരുന്നുള്ളൂ.

അതിനുശേഷം ഞാൻ പാരായണം ചെയ്ത ഖുർആനിക വചനത്തിൽ പറഞ്ഞ ആ കാലം വന്നു.

"അല്ലാഹു സത്യവിശ്വാസികളിൽ അവരിൽനിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചയക്കുകവഴി തീർച്ചയായും അവർക്ക് ഔദാര്യം ചെയ്തിരിക്കുന്നു; അദ്ദേഹം അവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പേ അവർ പ്രത്യക്ഷമായ വഴികേടിലായിരുന്നു." (*3:165*)

ഈ നബി(സ) തിരുമേനി അല്ലാഹുവിൽനിന്ന് പഠിച്ചിട്ട് അവരെ പരിശുദ്ധരാക്കുകയും അവരെ യുക്തിജ്ഞാനത്തിന്റെ കാര്യങ്ങൾ പഠിപ്പിക്കുകയും സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന് അവർക്ക് പറഞ്ഞുകൊടുക്കുകയും സംസ്കാരമെന്താണെന്നും നാഗരികതയെന്താണെന്നും മനസ്സിലാക്കിക്കൊടുക്കുകയും കുടുംബബന്ധങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും പരസ്പരം എങ്ങനെയാണ് സൽസ്വഭാവം കാണിക്കേണ്ടതെന്നും ഒരു പൗരൻ എന്ന നിലയിൽ എങ്ങനെ ജീവിക്കണമെന്നും കാണിച്ചുകൊടുക്കുകയും ചെയ്തു.

അയൽവാസികളോട് എങ്ങനെ പെരുമാറണം, അവരോട് ധാർമ്മികമായ എന്തുനിലപാട് സ്വീകരിക്കണം, ഒരാളുടെ കീഴിൽ എങ്ങനെ കഴിയണം, അവരോട് എത്തരത്തിലുള്ള സ്വഭാവങ്ങൾ കാണിക്കണം ഓഫീസർ എന്ന നിലയിൽ എങ്ങനെ ജീവിക്കണം തുടങ്ങി സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ ഒരു വ്യക്തിയുടെമേൽ വന്നുചേരുന്ന ഉത്തരവാദിത്തങ്ങളും അതിന് അയാൾ എന്തെല്ലാം സ്വഭാവങ്ങൾ പ്രകടിപ്പിക്കണം എന്ന കാര്യങ്ങളും അവരെ പഠിപ്പിച്ചു. അതായത്, ആ അജ്ഞരായ ആളുകളെ സംസ്കാരസമ്പന്നരാക്കി. പിന്നീട് അവരെ

ദൈവപ്രഭയോടുകൂടിയ മനുഷ്യരാക്കി. ഏകനായ ദൈവത്തെക്കുറിച്ച് അജ്ഞരായ അക്കൂട്ടരെ ഉന്നതമായ സ്വഭാവങ്ങൾ പഠിപ്പിച്ചതിനോടൊപ്പം ഏകനായ അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നവരും അവനെ ഭക്തിയോടെ ഭയപ്പെടുന്നവരുമാക്കിത്തീർത്തു. ഉന്നതമായ ധാർമ്മികഗുണങ്ങളുടെ മാതൃക അവരിൽ നിലനാട്ടി. അല്ലാഹു പറഞ്ഞതുപോലെ, റസൂലും ധാർമ്മികഗുണങ്ങളുടെ ഉസ്താദുമായ നബി(സ) തിരുമേനി നല്കിയ പാഠത്തിന്റേയും ആ മഹാത്മാവിന് അല്ലാഹുവുമായുള്ള ബന്ധം കാരണത്താൽ നല്കപ്പെട്ട പരിശുദ്ധമായ ശക്തിയുടേയും ഫലമായിരുന്നു ഈ വിപ്ലവം. ഞാൻ പറഞ്ഞതുപോലെ, സൽസ്വഭാവത്തിന്റെ ഉന്നതമായ മാതൃക നിലനാട്ടാത്ത ജീവിതത്തിന്റെ ഒരു വശവുമില്ല. സ്വയം നിലനാട്ടി എന്നുമാത്രമല്ല, തന്റെ അനുയായികളിലും അത് നടപ്പിൽവരുത്തി. അതെല്ലാം വിവരിക്കുക സംഭാവ്യമല്ല. ചില ഉദാഹരണങ്ങൾ മാത്രം പറയാം. ഇതിൽ നിന്ന് അവിടന്ന് ഉൽക്കൃഷ്ട സ്വഭാവഗുണങ്ങളുടെ ഉസ്താദാണെന്നതിനുള്ള ചില മിന്നലാട്ടം നിങ്ങൾക്ക് കാണാൻ കഴിയും. അല്ലാഹു നമ്മുടെമേൽ ചെയ്തിട്ടുള്ള ആ ഔദാര്യം കാരണത്താൽ അവന്റെ മുമ്പിൽ തലകുനിയുന്നു. ഈ ഔദാര്യം നമ്മോടു ആവശ്യപ്പെടുന്നതു തന്നെ നാം നബി(സ)യുടെ ഈ ജീവിതത്തെ നമ്മുടെ ഭാഗമാക്കി മാറ്റുക എന്നാണ്. ഇതാണ് അവിടന്ന് തന്റെ ഉമ്മത്തിൽ നിന്ന് പ്രതീക്ഷിച്ചിട്ടുള്ളതും.

തന്നെ വിശ്വസിക്കുന്നവരെ സൽസ്വഭാവികളും ദൈവപ്രഭയുള്ളവരുമാക്കുന്നതിനുവേണ്ടി, നബി(സ) തിരുമേനി എപ്പോഴും അല്ലാഹുവിന്റെ ***വ ദക്കിർ ഫ ഇന്നദ്ദിക്റാ തൻഫഉൽമുഅ്മിനീൻ*** (നീ ഉപദേശിച്ചുകൊണ്ടിരിക്കുക, എന്തെന്നാൽ തീർച്ചയായും ഉപദേശം വിശ്വാസികൾക്ക് ഫലം ചെയ്യുന്നതാണ്. 51:50) എന്ന കല്പനയനുസരിച്ച് പ്രവർത്തിച്ചു. അവിടത്തെ ഉപദേശത്തിന്റെ രീതിയും അത്ഭുതമുളവാക്കുന്നതായിരുന്നു. തന്നെ വിശ്വസിക്കുന്നവരോട് സ്നേഹത്തോടും മൃദുവായും പെരുമാറണമെന്നും അവിടന്ന് കല്പിക്കപ്പെട്ടിരുന്നു. അതുകൊണ്ട് അവിടന്ന് തന്റെ അടുത്തബന്ധുക്കൾക്കും കുട്ടികൾക്കും കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുന്നതിന്നായി അങ്ങേയറ്റം മൃദുവായും സ്നേഹത്തോടുകൂടിയും പെരുമാറി; ഉമ്മത്തിലെ മറ്റുള്ളവരോടും തന്റെ സ്വഹാബിമാരോടും ഈ നയംതന്നെ സ്വീകരിച്ചു. നിന്റെ ജോലി ഉപദേശിക്കുക എന്നതുമാത്രമാണ് എന്ന കല്പനയെ എപ്പോഴും അവിടന്ന് മുന്നിൽകണ്ടു. ഉന്നതനായ ഒരു ഉസ്താദിന്റെ മാതൃക ആയിരിക്കേണ്ടതും ഇതുതന്നെയാണ്.

സമൂഹത്തിന്റെ പരിഷ്ക്കരണത്തിന്നായി ഉന്നതമായ നില സ്ഥാപിക്കണമെങ്കിൽ, സ്വന്തം വീടുകളിൽ നിന്ന് പരിഷ്ക്കരണം തുടങ്ങുക എന്ന മാതൃകയായിരുന്നു അവിടന്ന് കാണിച്ചത്. അതിന് അതിന്റേതായ സ്വാധീനവും ഉണ്ടാകും. തന്നത്താനും തന്റെ കുടുംബക്കാരേയും അഗ്നിയിൽനിന്ന് രക്ഷിക്കാൻ അല്ലാഹുവിന്റെ കല്പനയും ഉണ്ട്. അല്ലാഹുവിന്റെ സാമീപ്യത്തിലേക്ക് കൊണ്ടുപോകുന്ന വഴികളിലൂടെ സ്വയം നടക്കുകയും അവരെ നടത്തുകയും വേണം. അത് ഉന്നതമായ ധാർമ്മികഗുണങ്ങളെ കരസ്ഥമാക്കാൻ ഉപകരിക്കുന്ന വഴികളാണ്. നബിയുടെമേൽ ന്യായപ്രമാണപരമായ നുബുവ്വത്ത് അവസാനിച്ചു. അവിടന്ന് ന്യായപ്രമാണവാഹിയായ അവസാനപ്രവാചകനായിരുന്നു. അവിടന്ന് സൽസ്വഭാവങ്ങളുടെ ഉന്നതമായനില ലോകത്ത് സ്ഥാപിക്കണമായിരുന്നു. വളരെ ചെറിയ കാര്യംപോലും അവിടന്ന് തന്റെ വീട്ടുകാരെ പറഞ്ഞ് ബോധ്യപ്പെടുത്തുകയും അവർക്കു ശിക്ഷണം നല്കുകയും ചെയ്തിരുന്നു. അതെല്ലാം ചെയ്തിരുന്നത് അങ്ങേയറ്റം ക്ഷമയോടും സഹിഷ്ണുതയോടും കൂടിയാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസിബ്നു മാലിക്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി സുബ്ഹി നമസ്കാരത്തിന്നായി പോകുമ്പോൾ ആറു മാസംവരെ ഹസ്റത്ത് ഫാത്വിമായുടെ വീട്ടുവാതിക്കലിന്നടുത്തൂടെ ഇങ്ങനെ പറഞ്ഞുകൊണ്ടുപോയിരുന്നു. നബിയുടെ വീട്ടുകാരേ! നമസ്കാരത്തിനു സമയമായി. പിന്നീട് ഖുർആനികവചനം ഓതുമായിരുന്നു.

***ഇന്നമാ യുരീദുല്ലാഹു ലിയുദ്ഹിബ അൻകുമുർരിജ്സ അഹ്ലൽബയ്ത്തി വ യുത്വഹ്ഹിറക്കും തത്വ്ഹീറാ.*** (നബിയുടെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് എല്ലാതരം മാലിന്യവും അകറ്റുകയും നിങ്ങളെ നല്ല വണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്ന് മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത് (*33:34*)

ഇതാണ് ഉപദേശത്തിന്റെ ഏറ്റവും ഉദാത്തമായ രീതി. ഒരു ദേഷ്യവുമില്ല. എന്നാൽ തുടർച്ചയായിട്ടുള്ള ഉപദേശവുമാണ്. തന്റെ വീട്ടുകാർക്ക്, തന്റെ കുട്ടികൾക്ക് അവരുടെ സ്ഥാനത്തേയും ഉത്തരവാദിത്തേയും കുറിച്ച് മനസ്സിലാക്കിക്കൊടുക്കുക. അതായത് നിങ്ങളുടെ യഥാർത്ഥ ജോലി അല്ലാഹുവിന്റെ മുന്നിൽ കുനിയുകയും അവനെ ആരാധിക്കുകയും ചെയ്യുക എന്നതാണ്.

മറ്റൊരു നിവേദനത്തിലും ഇതുപോലെ ഉപദേശിച്ച സംഭവം വിവരിക്കുന്നുണ്ട്. ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു.

ഒരുരാത്രി നബി(സ) ഞങ്ങളുടെ വീട്ടിൽവന്നു. എന്നേയും ഫാതിമയേയും തഹജ്ജുദ് നമസ്കാരത്തിനായി ഉണർത്തി. എന്നിട്ടവിടന്ന് തന്റെ വീട്ടിലേക്കുപോയി. കുറച്ചുനേരം നഫ്ലുകൾ നിസ്കരിച്ചു. ഈ സമയത്ത് ഞങ്ങൾ ഉണർന്നതായുള്ള ശബ്ദമൊന്നും ഉണ്ടായില്ല. അവിടന്ന് വീണ്ടും മടങ്ങിവന്ന് ഞങ്ങളെ ഉണർത്തി. എഴുന്നേറ്റു നമസ്കരിക്കാൻ പറഞ്ഞു. ഹസ്റത്ത് അലി പറയുന്നു: ഞാൻ കണ്ണുകൾ തിരുമ്മി എഴുന്നേറ്റുകൊണ്ട് പറഞ്ഞു: അല്ലാഹുവാണ! ഞങ്ങൾക്കു വിധിക്കപ്പെട്ട നിസ്കാരമേ ഞങ്ങൾക്ക് നിസ്കരിക്കാൻ കഴിയുകയുള്ളൂ. ഞങ്ങളുടെ ആത്മാക്കൾ അല്ലാഹു

വിന്റെ കൈകളിലാണ്. അവനുദ്ദേശിക്കുമ്പോൾ ഞങ്ങളെ എഴുന്നേല്പിക്കും. നബി(സ) തിരുമേനി അത്ഭുതത്തോടെ തന്റെ തുടയിൽ തടവിക്കൊണ്ട്, 'ഞങ്ങൾക്ക് വിധിക്കപ്പെട്ട നിസ്കാരമല്ലാതെ ഞങ്ങൾക്ക് നിസ്കരിക്കാൻ കഴിയുകയില്ല' എന്നു ഞാൻപറഞ്ഞ വചനം ഉരുവിട്ടുകൊണ്ടുപോയി. അതിന്നോടൊപ്പം ഈ ഖുർആനിക വചനവും ഓതുന്നുണ്ടായിരുന്നു. '***വ കാനൽ ഇൻസാനു അക്സര ശയ്ഇൻ ജദലാ***' മനുഷ്യൻ ഏറ്റവുമധികം തർക്കിക്കുന്ന പ്രകൃതക്കാരനത്രെ. (*18:55*) നബി(സ)ന് അവരെ വഴക്കുപറയാൻ അനുവാദമുണ്ടായിരുന്നു. ശിക്ഷിക്കാനും അവകാശമുണ്ടായിരുന്നു. പക്ഷേ, വളരെ സമാധാനത്തോടെ ഉപദേശിച്ചു. ഞാൻ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കും, നിങ്ങളെ ഉണർത്തിക്കൊണ്ടിരിക്കും, വിളിച്ചുകൊണ്ടിരിക്കും എന്റെ ജോലി ഉപദേശിക്കുക എന്നതാണ് എന്ന് അവിടന്ന് മനസ്സിലാക്കിക്കൊടുത്തു. നിങ്ങൾ പറഞ്ഞത് ശരിയല്ല. അങ്ങനെ പറയാൻ പാടില്ല. ഒരുപാട് തർക്കിക്കുന്നതിനുപകരം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയാണ് വേണ്ടത് എന്നും പറഞ്ഞു.

തന്റെ മക്കൾ ലളിതമായ ജീവിതം നയിക്കുന്നവരും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നവരും ഭൗതികവസ്തുക്കളോട് താൽപര്യമില്ലാത്തവരും ആയിത്തീരണമെന്ന് അവിടന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, ഇതിന്നായി അവിടന്ന് ഒരിക്കലും ബലം പ്രയോഗിച്ചില്ല. ഒന്നുകിൽ സമാധാനത്തോടെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുകയോ അല്ലെങ്കിൽ അവർ സ്വയം മനസ്സിലാക്കുംവിധം തന്റെ പ്രവൃത്തിയിലൂടെ കാര്യങ്ങൾ കാണിക്കുകയോ ചെയ്തിരുന്നു.

ഹസറത്ത് സൗബാൻ(റ) നിവേദനം ചെയ്യുന്നു. നബി(സ) എവിടേക്കെങ്കിലും യാത്ര പോകുമ്പോൾ, തന്റെ വീട്ടുകാരിൽ ഏറ്റവും അവസാനം കണ്ടിരുന്നത് ഹസ്റത്ത് ഫാത്വിമ(റ)യെയായിരുന്നു. യാത്രകഴിഞ്ഞ് തിരിച്ചുവരുമ്പോൾ, ഏറ്റവുമാദ്യം ഹസ്റത്ത് ഫാത്വിമായുടെ വീട്ടിൽ പോകുമായിരുന്നു. ഒരിക്കൽ ഒരു യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോൾ ഹസ്റത്ത് ഫാത്വിമായുടെ വീട്ടിൽപോയി. വീട്ടുപടിക്കലെത്തിയപ്പോൾ കതകിൽ ഒരു കർട്ടൻ തൂക്കിയിരിക്കുന്നതായും ഹസ്റത്ത് ഹസനും ഹുസയ്നും(റ) വെള്ളിവളകൾ കൈയിലിട്ടിരിക്കുന്നതായും കണ്ടു. ഇതുകണ്ടപ്പോൾ അവിടന്ന് വീട്ടിൽകയറിയില്ല. അവിടന്ന് മടങ്ങിപ്പോയി. ഈ കാര്യങ്ങളാണ് നബി(സ)യെ വീട്ടിൽ കയറുന്നതിൽനിന്ന് തടഞ്ഞതെന്ന് ഫാത്വിമായ്ക്ക് മനസ്സിലായി. അപ്പോൾ ഹസ്റത്ത് ഫാത്വിമ കർട്ടൻ കീറുകയും കുട്ടികളുടെ വളയെടുത്തു പൊട്ടിക്കുകയും ചെയ്തു. ഇതിനുശേഷം രണ്ടുകുട്ടികളും കരഞ്ഞുകരഞ്ഞ് നബി(സ)യുടെ അടുത്തുചെന്നു. നബി(സ) അവരിൽ ഒരാളെ എടുത്തു. നിവേദകൻ പറയുന്നു: ഇവനോടൊപ്പം മദീനയിലെ ഇന്നയാളുടെ അടുക്കൽപോയി, ഫാത്വിമയ്ക്കുവേണ്ടി ഒരു മാലയും ആനക്കൊമ്പ്കൊണ്ടുണ്ടാക്കിയ രണ്ട് വളയും വാങ്ങി വരാൻ നബി(സ) എന്നോടു പറഞ്ഞു. എന്നിട്ട് പറഞ്ഞു: എന്റെ കുടുംബം ഈ ലോകത്തുതന്നെ എല്ലാ സുഖവും ആനന്ദവും ആസ്വദിക്കുന്നത് ഞാനിഷ്ടപ്പെടുന്നില്ല."

വെള്ളിയാഭരണം അന്നും അലങ്കാരത്തിനുള്ള വസ്തുവായി മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് തന്റെ കുട്ടികൾ അതണിയുന്നത് നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. എന്തായാലും സാധാരണനിലയിലുള്ള മറ്റുസാധനങ്ങൾ അവർക്ക് വാങ്ങികൊടുക്കുകയും ചെയ്തു.

അവിടന്ന് തന്റെ ഭാര്യമാരുടേയും കുട്ടികളുടേയും ഉൽകൃഷ്ടമായ സ്വഭാവവും അതിൽ അവർ നില കൊള്ളുന്നതും കാണാനാഗ്രഹിച്ചിരുന്നു. തന്റെ അടുത്ത ബന്ധുക്കൾ ആരുടെയെങ്കിലും മനസ്സിന് വിഷമമുണ്ടാക്കുന്ന കാര്യങ്ങൾ പറയുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ചെറിയ കാര്യങ്ങൾ കണ്ടാൽ പോലും ഉടനെ അത് തിരുത്തുമായിരുന്നു.

ഹസ്റത്ത് ആയിശാ(റ) പറയുന്നു: ഹസ്റത്ത് സഫ്യാ(റ) പൊക്കം കുറഞ്ഞ സ്ത്രീയായിരുന്നു. ഇത് ചൂണ്ടിക്കൊണ്ട് നബി(സ)നെ ശുണ്ഠിപിടിപ്പിക്കുംവിധം ഞാൻ സംസാരിച്ചു. അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: "സമുദ്രത്തിൽ കലർത്തുകയാണെങ്കിൽ ആ സമുദ്രത്തെ മുഴുവൻ മലിനമാക്കുംവിധമുള്ള വചനമാണ് നീ ഇപ്പറഞ്ഞത്."

അവിടന്ന് വളരെ സമാധാനത്തോടെ ആയിശാക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. അതായത്, ഞാനുമായി അടുത്ത ബന്ധമുള്ളവരുടെ സൽസ്വഭാവങ്ങളുടെ നിലവാരം വളരെ ഉയർന്നതായിരിക്കണമെന്ന്. പ്രത്യക്ഷത്തിൽ, തമാശയായിപ്പറഞ്ഞ കാര്യത്തേയും നബി (സ) ശ്രദ്ധിച്ചു. കാരണം ആരെക്കുറിച്ചാണോ പറയുന്നത്, അവരതറിഞ്ഞാൽ അതൊരു വലിയ പ്രശ്നമായിത്തീരുന്നതാണ്. തന്റെ വെറുപ്പും പ്രകടിപ്പിച്ചു. സംസാരിച്ചയാളെ നല്ലരീതിയിൽ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. അതായത് നീ തമാശയായി പറയുന്ന കാര്യം സമൂഹത്തിൽ കലഹത്തിനു കാരണമായിത്തീരുന്നതാണ്. എന്റെ അടുത്തബന്ധുക്കളുടെ സ്വഭാവം ഉയർന്നനിലവാരം പുലർത്തുന്നതായിരിക്കണം, കലഹവും വഴക്കുമുണ്ടാക്കുന്ന ഒന്നും അവരിൽനിന്നുണ്ടാകാൻ പാടില്ല. ഉദാഹരണം വിവരിച്ചുകൊണ്ട് പറഞ്ഞു: പ്രത്യക്ഷത്തിൽ ഇപ്പറഞ്ഞത് ചെറിയൊരു കാര്യമാണ്. പക്ഷേ, അത് ഒരുപാട് അഴുക്കുനിറഞ്ഞതാണ്. എത്രമാത്രമെന്നാൽ, അത് കരകാണാക്കടലിൽ കലർത്തിയാൽ അതിനേയും മലിനമാക്കുന്നതാണ്. നോക്കുക, എത്ര മനോഹരമായ രീതിയിലാണ് അവിടന്ന് കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുത്തത്.

വീട്ടുകാർക്ക് ഉന്നതമായ സ്വഭാവം പഠിപ്പിച്ചുകൊടുക്കുന്നതിന് മറ്റൊരുദാഹരണം ഉണ്ട്.

ആരോ ഹസ്റത്ത് ആയിശ(റ)യോട് നബി(സ) യുടെ ഉൽകൃഷ്ട സ്വഭാവത്തെക്കുറിച്ച് പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. ഹസ്റത്ത് ആയിശ(റ) ചോദിച്ചു. താങ്കൾ ഖുർആനിൽ വന്നിട്ടുള്ള ***വ ഇന്നക്ക ലഅലാ ഖുലുഖിൻ അളിം*** എന്ന വചനം ഓതാറില്ലേ? എന്നിട്ടു പറഞ്ഞു. ഒരിക്കൽ നബി(സ) തന്റെ സ്വഹാബത്തോടൊപ്പം ഇരിക്കുകയായിരുന്നു. ഞാൻ നബി(സ)നുവേണ്ടി ഭക്ഷണം തയ്യാറാക്കി. ഹഫ്സ(റ)യും ഭക്ഷണം ഉണ്ടാക്കി. ഹഫ്സ എനിക്കുമുമ്പേ ഭക്ഷണമുണ്ടാക്കി നബിക്ക് കൊടുത്തയച്ചു. ഞാനെന്റെ സേവകയോട്, നീ പോയി ഹഫ്സ കൊടുത്തുവിട്ട ഭക്ഷണം മറിച്ചുകളയാൻ പറഞ്ഞു. അവൾ നബി(സ)യുടെ മുന്നിൽ ഭക്ഷണം വെച്ചുകൊണ്ട് അവിടെയിരുന്ന ഭക്ഷണം തട്ടിമറിച്ചു. അങ്ങനെ ആ പാത്രം പൊട്ടിപ്പോയി. ഭക്ഷണം താഴെവീഴുകയും ചെയ്തു.

ഹസ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) ആ പാത്രത്തിന്റെ പൊട്ടിയ കഷണങ്ങൾ പെറുക്കിയെടുക്കുകയും താഴെ വീണ ഭക്ഷണമെടുത്ത് ഭക്ഷണവിരിപ്പിൽവെച്ച് തിന്നുകയും ചെയ്തു. പിന്നീട് എന്റെ പാത്രം ഹസ്റത്ത് ഹഫ്സയ്ക്ക് കൊടുത്തുവിട്ടു കൊണ്ടു പറഞ്ഞു. നിന്റെ പാത്രത്തിനു പകരം ഈ പാത്രം എടുക്കുകയും ഇതിലുള്ളത് നീ തിന്നുകയും ചെയ്യുക. ഹസ്റത്ത് ആയിശ(റ) പറയുന്നു. പക്ഷേ, നബി(സ)യുടെ മുഖകമലത്തിൽ ഒരുപാട് ദേഷ്യം പ്രകടിപ്പിക്കുന്ന ലക്ഷണമൊന്നും ഉണ്ടായിരുന്നില്ല. അവിടന്ന് വളരെ സമാധാനത്തോടെ ആയിശാക്ക് കാര്യം മനസ്സിലാക്കിക്കൊടുത്തു. തന്റെ പ്രവർത്തനപരമായ മാതൃകകൊണ്ട്, നീ ചെയ്തത് ശരിയല്ല എന്ന് വ്യക്തമാക്കി. നിന്റെ ഭക്ഷണം ഞാൻ കഴിക്കില്ല എന്നതാണ് അതിനുള്ള ശിക്ഷ. നീ നഷ്ടപ്പെടുത്തിക്കളയാൻ ശ്രമിച്ചതേ ഞാൻ തിന്നുകയുള്ളൂ. നീ പൊട്ടിച്ച പാത്രത്തിനുപകരം, നിന്റെ കൈയിലുള്ളത് നീ കൊടുക്കണം. എനിക്കുവേണ്ടി നീ ഉണ്ടാക്കിയ ഭക്ഷണം ഞാൻ കഴിക്കില്ല, പ്രത്യുത നീ അതിക്രമം കാണിച്ച എന്റെ ഭാര്യയായിരിക്കും അത് കഴിക്കുക. പക്ഷേ, ഇതെല്ലാം പറഞ്ഞത് വളരെ സമാധാനത്തോടും ദേഷ്യപ്പെടാതെയുമായിരുന്നു.

പരസ്പരമുള്ള അസൂയ അകലുന്നതും ഇങ്ങനെ പരസ്പരം നല്ല രീതിയിൽ പെരുമാറുമ്പോഴാണെന്ന് അവിടന്ന് മനസ്സിലാക്കിക്കൊടുത്തു. തുഹ്ഫ കിട്ടിയാൽ അതിനേക്കാൾ നല്ലതു കൊടുക്കുക എന്നതാണ് മര്യാദ. ഇവിടെ എനിക്കുവേണ്ടി തയ്യാറാക്കിയ ഭക്ഷണവും അവർക്ക് കൊടുത്തുവിടുക എന്നതാണ് ഏറ്റവും നല്ല മര്യാദ. നമ്മുടെ സ്ത്രീകൾ ഇതനുസരിച്ച് എല്ലാ മേഖലയിലും പ്രവർത്തിക്കുകയാണെങ്കിൽ, ബന്ധങ്ങൾ എത്രമാത്രം സുദൃഢമായിത്തീരും.

കുട്ടികൾക്ക് നല്ല സ്വഭാവം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്ന അവിടത്തെ രീതിയും വളരെ പ്രിയങ്കരമായിരുന്നു. ഒന്നുരണ്ട് ഉദാഹരണം പറയാം.

അബൂറാഫിഉബ്നു അംറിന്റെ പിതൃവ്യനിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ കുട്ടിയായിരുന്നപ്പോൾ അൻസാറുകളുടെ ഈന്തപ്പനയിൽ കല്ലെറിഞ്ഞ് പഴം വീഴ്ത്താറുണ്ടായിരുന്നു. നബി(സ) അതിലെ നടന്നുപോകുകയായിരുന്നു. ആരോ ഞാൻ കല്ലെറിഞ്ഞ് ഈന്തപ്പഴം വീഴ്ത്തുന്നതായി നബി(സ)യോടു പറഞ്ഞു. നബി(സ)ന്റെ സന്നിധിയിൽ എന്നെ കൊണ്ടുപോയി. എന്തിനാണ് ഈന്തപ്പനയിൽ കല്ലെറിയുന്നതെന്ന് അവിടന്ന് ചോദിച്ചു. ഈന്തപ്പഴം തിന്നുന്നതിനാണെന്ന് ഞാൻ പറഞ്ഞു. അവിടന്ന് പറഞ്ഞു: ഇനി ഈന്തപ്പനയിൽ കല്ലെറിയരുത്. വീഴുന്ന പഴം പെറുക്കിയെടുത്തു തിന്നുകൊള്ളുക. പിന്നീട് എന്റെ തലയിൽ തടവിക്കൊണ്ട് അവിടന്ന് പ്രാർത്ഥിച്ചു: അല്ലാഹുവേ, ഇവന്റെ വയറു നിറയ്ക്കേണമേ.

കല്ലെറിയുമ്പോൾ പഴുത്തതും അല്ലാത്തതുമായ എല്ലാ കായകളും വീണു നശിച്ചുപോകുന്നു. മറ്റു മരങ്ങളുടേയും അവസ്ഥ ഇതുതന്നെയാണ്. ഉടമസ്ഥന് അനാവശ്യമായി നഷ്ടം സഹിക്കേണ്ടിവരുന്നു. അതുകൊണ്ട് അവിടന്ന് അത് വിരോധിച്ചു. പക്ഷേ, വിശപ്പു സഹിക്കാൻ വയ്യാതെ വന്നാൽ- അങ്ങനേയും സന്ദർഭം ഉണ്ടാകാറുണ്ട്- താഴെ വീണുകിടക്കുന്നത് എടുത്ത് തിന്നുകൊള്ളുക. എന്നാൽ, നിന്നോടു ഞാൻ പറയുന്നു, ഏറ്റവും നല്ല കാര്യം, അത്തരം സന്ദർഭം നിനക്കുണ്ടാകാതിരിക്കട്ടെ എന്ന പ്രാർത്ഥനയാണ്. നിന്റെ വയർ എപ്പോഴും നിറഞ്ഞിരിക്കുമാറാകട്ടെ; മറ്റുള്ളവരുടെ വസ്തുക്കളിലേക്ക് നോക്കാൻ ഇടവരാതിരിക്കട്ടെ. ഇതാണ് നല്ല സ്വഭാവം. ദുആ ചെയ്തുകൊണ്ട്, അത്തരം പരിതസ്ഥിതിയിൽ അല്ലാഹുവിനോടു ചോദിക്കണമെന്ന പാഠവും അവന് നല്കി, അനുവദനീയ മാർഗ്ഗം സ്വീകരിക്കണമെന്ന് പറയുകയും ചെയ്തു.

എനിക്ക്, ഇന്നലെ ആരോ എന്നോടു പറഞ്ഞ ഒരു കാര്യം ഓർമ്മ വന്നു. നമ്മുടെ ബയ്ത്തുൽ ഫള്ലിനടുത്തൂടെ ഒരു സ്ത്രീ പോകുകയായിരുന്നു. ഏതോ ഒരു വീട്ടിൽ ആപ്പിൾ പിടിച്ചുകിടക്കുന്നത് അവർ കണ്ടു. തന്റെ മകനെ അത് പറിച്ചുകൊണ്ടുവരാൻ സഞ്ചിയുമായി അവർ പറഞ്ഞുവിട്ടു. വീട്ടുകാരൻ വെളിയിൽ വന്നപ്പോൾ പെട്ടെന്ന് അവിടന്ന് സ്ഥലംവിടുകയും ചെയ്തു. അവരത് ചെയ്യാൻ പാടില്ലാത്തതായിരുന്നു. ഇങ്ങനെ ആ കുട്ടിക്കും ആ ശീലമുണ്ടായി. ഇത്തരം സാധനങ്ങൾ പറിച്ചെടുക്കുന്നത് അനുവദനീയമാണെന്ന് ആ കുട്ടി കരുതിയിട്ടുണ്ടാകും. ഇതിന് ആ കുട്ടിയല്ല കുറ്റക്കാരൻ, ആ ഉമ്മയാണ്.

കുട്ടികൾക്ക് ഭക്ഷണം കഴിക്കേണ്ട മര്യാദയും പഠിപ്പിച്ചുകൊടുക്കണം. കാരണം കുട്ടികളിൽ ഇതുണ്ടായിക്കഴിഞ്ഞാൽ അത് തലമുറയായി നിലനിന്നുപോകും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് ഉമറിബ്നു അബീസലമ(റ) പറയുന്നു: ഞാൻ നബി(സ)യുടെ സംരക്ഷണത്തിൽ ഒരു കുട്ടിയായിരുന്നു. (ഉമ്മുസലമയുടെ മകനായിരുന്നു). ഭക്ഷണം

കഴിക്കുമ്പോൾ എന്റെ കൈ പാത്രത്തിൽ അങ്ങുമിങ്ങും നീങ്ങിക്കൊണ്ടിരിക്കും. (അക്ഷമയോടെ ഞാൻ വേഗം വേഗം തിന്നു. മുന്നിൽനിന്നാണ് ഭക്ഷിക്കേണ്ടതെന്ന കാര്യം ഓർക്കാതെ.) അപ്പോൾ നബി (സ) പറഞ്ഞു: കുട്ടീ! നീ ഭക്ഷിക്കുമ്പോൾ ബിസ്മി ചൊല്ലുക. നിന്റെ വലംകൈ കൊണ്ട് നിന്റെ പാത്രത്തിൽ അടുത്തഭാഗത്തുള്ളത് നീ തിന്നുക. ഇതിനുശേഷം എന്റെ ഭക്ഷണരീതി ഇപ്പറഞ്ഞ തുപോലെ മാത്രമായിരുന്നു."

നോക്കുക നബി(സ) ആ കുട്ടിയുടെ ചെറുപ്പത്തിൽതന്നെ സൽസ്വഭാവത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ഭക്ഷണം കഴിക്കേണ്ട മര്യാദ പറഞ്ഞുകൊടുക്കുകയും ചെയ്തു. ഒന്നാമതായി അല്ലാഹുവിന്റെ പേരെടുത്തുപറഞ്ഞ് ഭക്ഷിക്കാൻ പറഞ്ഞു; അങ്ങനെയാകുമ്പോൾ എല്ലാം തരുന്നവൻ അല്ലാഹുവാണെന്ന ബോധം നിനക്കെപ്പോഴും ഉണ്ടാകും. ഭക്ഷണം കാണാത്തവനെപ്പോലെ തിന്നരുത്. പ്രത്യുത, മര്യാദകൾ പാലിച്ചുകൊണ്ട് തിന്നേണ്ടതാണ്. കാരണം നിങ്ങൾ ഇപ്പോൾ അജ്ഞരും മൂഢരും സംസ്കാരശൂന്യരുമല്ല. നിങ്ങളിൽ ഒരു നബി വന്നിരിക്കുന്നു. അതുകൊണ്ട് ഭക്ഷണം കഴിക്കേണ്ട മര്യാദകൾ നിങ്ങൾ പാലിക്കേണ്ടതാണ്.

ആദ്യകാലങ്ങളിൽ ഇസ്‌ലാംമതം സ്വീകരിച്ചിരുന്നവർ, നബി(സ) തിരുമേനിയിൽനിന്നും അവിടത്തെ സ്വഹാബിമാരിൽനിന്നും പഠിച്ച കാര്യങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്താൻ ശ്രമിച്ചിരുന്നു. ചിലപ്പോൾ അറിവ് അധികം ഇല്ലാത്തകാരണത്താൽ സന്ദർഭാനുസരണം പ്രവർത്തിക്കേണ്ട കാര്യങ്ങളിൽ ഏതാണ് അനുവദനീയം ഏതാണ് അനുവദനീയമല്ലാത്തത് എന്ന് തിരിച്ചറിഞ്ഞിരുന്നില്ല. ചില കാര്യങ്ങൾ സന്ദർഭാനുസരണവുമായിരുന്നില്ല. പക്ഷേ, അവിടന്ന് ഏതുകാര്യം ഏതവസരത്തിൽ പറയണം എങ്ങനെ പ്രവർത്തിക്കണം എന്നൊക്കെ വളരെ സഹനത്തോടുകൂടി അവർക്ക് പറഞ്ഞുമനസ്സിലാക്കിക്കൊടുത്തു.

ഹസ്‌റത്ത് മുആവിയ ബിൻ അൽഹികം സുല്ലമി(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: നബി (സ) തിരുമേനിയുടെ അടുത്തുവന്നപ്പോൾ, ഞാൻ ഇസ്‌ലാമിനെക്കുറിച്ച് അവിടെനിന്ന് പഠിച്ചു. അതിലൊന്ന് എന്നോട് പറഞ്ഞത്, നിനക്ക് തുമ്മൽ വന്നാൽ നീ ***അൽഹംദു ലില്ലാഹ്*** എന്നു പറയണമെന്നാണ്. തുമ്മുന്നവൻ അൽഹംദുലില്ലാഹ് എന്നു പറയുമ്പോൾ നീ ***യർഹമുക്കല്ലാഹ്*** എന്നു പറയുക. നിവേദകൻ പറയുന്നു: ഞാൻ നബിയോടൊപ്പം നമസ്കാരത്തിൽ നില്ക്കുകയായിരുന്നു. അപ്പോൾ ഒരാൾ തുമ്മുകയും ***അൽഹംദു ലില്ലാഹ്*** എന്നു പറയുകയും ചെയ്തു. അപ്പോൾ ഞാൻ ഉച്ചത്തിൽ ***യർഹമുക്കല്ലാഹ്*** എന്നു പറഞ്ഞു. (നിസ്കാരം കഴിഞ്ഞപ്പോൾ) ആളുകൾ എന്നെ സൂക്ഷിച്ചുനോക്കാൻ തുടങ്ങി. അതെനിക്ക് വളരെ മോശമായിതോന്നി. നിങ്ങളെന്തിനാണ് എന്നെ തുറിച്ചുനോക്കുന്നതെന്ന് ചോദിച്ചപ്പോൾ ആളുകൾ ***സുബ്ഹാനല്ലാഹ്*** എന്ന് പറഞ്ഞു. നബി(സ) നിസ്കാരത്തിൽനിന്ന് സലാം വീട്ടിക്കഴിഞ്ഞപ്പോൾ, ആരാണ് ഇങ്ങനെ ഉറക്കെപറഞ്ഞതെന്ന് ചോദിച്ചു. ഇന്ന ബദ്‌വിയാണെന്ന് അവർ പറഞ്ഞു. അതു കേട്ടപ്പോൾ നബി(സ) എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു: നിസ്കാരം, വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനും, അല്ലാഹുവിനെ സ്മരിക്കുന്നതിനും വേണ്ടിയുള്ളതാണ്. അതുകൊണ്ട് നീ നിസ്കരിക്കുമ്പോൾ, ഈ പ്രവൃത്തികൾ ചെയ്യുക. നിവേദകൻ പറയുന്നു: നബി(സ)യേക്കാൾ മൃദുവായി സംസാരിക്കുന്ന ഒരു ഉസ്താദിനെ ഞാനെന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല."

നോക്കുക, പുതിയൊരു വ്യക്തിക്ക് എങ്ങനെയാണ് നിസ്കാരത്തിന്റെ മര്യാദ പഠിപ്പിച്ചുകൊടുത്തത്. അതിന്റെ പരിശുദ്ധിയും പറഞ്ഞുകൊടുത്തു. ഈ മനോഹരമായ ശൈലി ആ ബദ്‌വിയുടെമേൽ ഉണ്ടാക്കിയ സ്വാധീനം അയാളുടെ ജീവിതാവസാനംവരെ നിലനിന്നു. ഇക്കൂട്ടർ തന്നെയാണ്, ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേ ഇത്തരം ഘട്ടത്തിൽ ക്രൂരമായി പെരുമാറുകയും പരിഹസിക്കുകയും ചെയ്തിരുന്നവർ.

സത്യം പറയുകയും, സത്യം സ്ഥാപിക്കുകയും കളവിനെ വെറുക്കുകയും ചെയ്യുക എന്നത് ഉൽകൃഷ്ടമായൊരു ഗുണമാണ്. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുന്നതിനും ഇത് വളരെ അനിവാര്യമായ കാര്യമാണ്. ശിർക്കിൽനിന്നും കളവിൽനിന്നും പിന്മാറാൻ അല്ലാഹു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുട്ടികൾക്കും ആദ്യം നല്കിയിരുന്ന പാഠം, സത്യം പറയുക എന്നതായിരുന്നു. അവരെ സത്യം പഠിപ്പിക്കാൻ ഉമ്മയോടും ബാപ്പയോടും പറയുകയും ചെയ്തു. പുതിയതായി വരുന്ന മുസ്‌ലിംകൾക്കും നല്കിയിരുന്ന പാഠം ഇതുതന്നെയായിരുന്നു; സത്യം സ്വായത്തമാക്കുക. എപ്പോഴും സത്യം മാത്രം പറയുക. സത്യം സ്ഥാപിക്കുന്നതിനും കുട്ടികളിൽ ഇത് നടപ്പിൽ വരുത്തുന്നതിനും വേണ്ടി, എത്രമാത്രം ശ്രദ്ധയായിരുന്നു നബി(സ)നുണ്ടായിരുന്നത്. ഒരു നിവേദനത്തിൽനിന്ന് ഇത് മനസ്സിലാകുന്നുണ്ട്.

അബ്ദുല്ലാഹ് ബിൻ ആമിർ പറയുന്നു. ഒരിക്കൽ നബി(സ) ഞങ്ങളുടെ വീട്ടിൽ വന്നു. ഞാനപ്പോൾ കുട്ടിയായിരുന്നു. ഞാൻ കളിക്കാൻ പോകുമ്പോൾ, അബ്ദുല്ലാഹ്, ഇവിടെ വരൂ! ഞാൻ നിനക്കൊരു സാധനം തരാം എന്ന് ഉമ്മ പറഞ്ഞു. നബി(സ) ചോദിച്ചു. നീ എന്തെങ്കിലും അവന് കൊടുക്കാനാഗ്രഹിക്കുന്നുണ്ടോ? എന്റെ ഉമ്മ പറഞ്ഞു. അതെ, ഞാനവന് കാരക്ക കൊടുക്കുന്നതാണ്. നബി(സ) പറഞ്ഞു. നിന്റെ വിചാരം ഇതല്ലായിരുന്നെങ്കിൽ, കുട്ടിയെ വിളിച്ചുവരുത്തുന്നതിനുവേണ്ടി മാത്രമാണ് ഇങ്ങനെ പറഞ്ഞതെങ്കിൽ കളളം പറഞ്ഞു എന്ന പാപം നിനക്കുണ്ടാകുമായിരുന്നു."

നോക്കുക, നബി(സ) തിരുമേനിയുടെ ഉപദേശം അത്ര ചെറുപ്രായത്തിൽപോലും ആ കുട്ടിയിൽ കൊത്തിവയ്ക്കപ്പെട്ടു. ഇത്തരം സത്യമായ അന്തരീക്ഷത്തിൽ വളരുന്ന ഒരു കുട്ടി ജീവിതത്തിലെപ്പോഴെങ്കിലും കളവ് പറ

യുമോ? ഇത്തരം ശിക്ഷണം കിട്ടി വളരുന്ന കുട്ടികൾ തന്നെയാണ് ലോകത്തിന് സത്യം കാണിച്ചുകൊടുക്കുന്നവരായിത്തീരുന്നത്.

കളവിനെ വെറുക്കാൻ അവിടന്ന് ഇങ്ങനെ ഉപദേശിച്ചു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ആരാണോ കളവും അതനുസരിച്ചുള്ള പ്രവർത്തനവും വിവരക്കേടും ഉപേക്ഷിക്കാത്തത്, അവൻ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരു കാര്യവുമില്ല."

അതായത് നോമ്പുപിടിച്ചുകൊണ്ട് ആരെങ്കിലും കളവു പറഞ്ഞാൽ, അല്ലാഹുവിന് അതിൽ ഒരു താല്പര്യവുമില്ല. യഥാർത്ഥ ഉദ്ദേശ്യം നല്ലമാറ്റം ഉണ്ടാക്കുക എന്നതാണ്. ഇത് ചെയ്യുന്നില്ലെങ്കിൽ ഏതൊരു അല്ലാഹുവിനുവേണ്ടിയാണോ നോമ്പുപിടിക്കുന്നത്, ആ അല്ലാഹു കളവ് നിരോധിച്ചിരിക്കുകയാണ്. നിങ്ങളുടെ പ്രവർത്തി മുഖേന നിങ്ങൾ അല്ലാഹുവിന്റെയടുത്ത് കളവിനെ കൊണ്ടുനിറുത്തുകയാണ് ചെയ്യുന്നത്. അല്ലാഹുവിനെ ആരാധിക്കുകയും വേണം. കളവ് പറയുകയും വേണം. ഇതു രണ്ടും ഒരിടത്ത് സമ്മേളിക്കുകയില്ല. ഇത് അല്ലാഹു അങ്ങേയറ്റം വെറുക്കുന്നതാണ്.

ഒരിക്കൽ ഒരാളോടു അവിടന്ന് പറഞ്ഞു: നിങ്ങൾക്ക് എല്ലാ ദോഷങ്ങളും ഉപേക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ, കുറഞ്ഞപക്ഷം കളവ് പറയുന്നത് ഉപേക്ഷിക്കുക. അങ്ങനെ കളവ് ഉപേക്ഷിക്കാൻ തുടങ്ങിയതോടെ എല്ലാ ദോഷങ്ങളും ഓരോന്നോരോന്നായി അകലാൻ തുടങ്ങി.

കളവ്, ബഹുദൈവവിശ്വാസത്തിലേക്കു കൊണ്ടുപോകുന്ന ഒന്നാണെന്ന് ഞാൻ പറയുകയുണ്ടായി. അതുകൊണ്ടുതന്നെ നബിതിരുമേനിക്ക് അതിനോടു കഠിനമായ വെറുപ്പായിരുന്നു. നാശത്തിന്റെ ഗർത്തത്തിലേക്ക് മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്ന ഒരു തിന്മയാണിത്. അവിടന്ന് ഇതിൽനിന്ന് രക്ഷപ്പെടാൻ തന്റെ ഉമ്മത്തിനെ ശക്തമായി ഉപദേശിച്ചു.

ഹസ്റത്ത് അബ്ദുർറഹ്മാനിബ്നു അബീ ബക്കറ തന്റെ ഉമ്മയിൽനിന്ന് നിവേദനം ചെയ്യുന്നു. ഞാൻ വൻപാപങ്ങളെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞുതരട്ടയോ എന്ന് നബി(സ) മൂന്നുപ്രാവശ്യം ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, പറഞ്ഞുതന്നാലും എന്ന് ഞാൻ മറുപടി പറഞ്ഞു. അവിടന്ന് പറഞ്ഞു. വൻപാപങ്ങൾ ഇവയാണ്. അല്ലാഹുവിനോട് ആരെയെങ്കിലും പങ്കുചേർക്കൽ, മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കൽ, അവിടന്ന് ചാരിയിരിക്കുകയായിരുന്നു. എഴുന്നേറ്റ് നേരെ ഇരുന്നുകൊണ്ട് പറഞ്ഞു: ശ്രദ്ധിച്ചുകേൾക്കുക. കളവും, കള്ളസാക്ഷ്യം പറയലും. ശ്രദ്ധിച്ചുകേൾക്കുക. കളവും, കള്ളസാക്ഷ്യം പറയലും. നിവേദകൻ പറയുന്നു: നബി(സ) ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ, അവിടന്ന് നിശ്ശബ്ദനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി.

എത്രമാത്രം ശക്തിയോടുകൂടി ഇതിൽനിന്ന് രക്ഷപ്പെടാൻ അവിടന്ന് ഉപദേശിച്ചുവോ അത്രമാത്രം നമ്മളും അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ചെറിയ തെറ്റായ വിവരണത്തിൽനിന്നുപോലും രക്ഷപ്പെടേണ്ടതാണ്; മുകളിൽപറഞ്ഞ കുട്ടിയുടെ ഉമ്മയോട് നബിതിരുമേനി(സ) പറഞ്ഞതുപോലെ. അതായത് നീ ഈ കുട്ടിയെ വിളിച്ചു വരുത്തിയിട്ട് അതിനൊന്നും കൊടുത്തിരുന്നില്ലെങ്കിൽ അതും കളവാകുമായിരുന്നു. കളവ് ഇന്ന് സർവസാധാരണമായിക്കഴിഞ്ഞിരിക്കുകയാണ്. തമാശയിൽപോലും അതിരില്ലാതെ കളവ് പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ തിന്മയുള്ള അഹ്മദികൾ അവരിൽനിന്ന് ഇതിനെ വേരോടെ പിഴുതെടുത്തെറിയാൻ ശ്രമിക്കേണ്ടതാണ്.

തനിക്ക് വെറുപ്പുള്ള ആരെങ്കിലും തന്നെ കാണാൻ വന്നാലും നബി(സ) അപമര്യാദയോടെ അവരോട് പെരുമാറുമായിരുന്നില്ല. സമാധാനത്തോടെ അവരുമായി സംസാരിക്കുമായിരുന്നു. ആരെങ്കിലും തെറ്റു ചെയ്താൽ തന്നെ നല്ല രീതിയിൽ ക്ഷമിക്കുമായിരുന്നു. ചിലപ്പോൾ ചില ബദ്‌വികൾ നബിതിരുമേനിയുടെയടുക്കൽ വരാറുണ്ടായിരുന്നു. അവർ ചെയ്യുന്ന ചില തെറ്റുകൾ കാണുമ്പോൾ സ്വഹാബിമാർക്ക് ദേഷ്യം വരുമായിരുന്നു. പക്ഷേ, നബി (സ) അങ്ങേയറ്റം വിനയത്തോടെ നല്ലരീതിയിൽ അവർക്ക് കാര്യം പറഞ്ഞുകൊടുക്കുമായിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ പള്ളിയിൽ ഒരു ഗ്രാമീണഅറബി വന്നു. അവിടെ മൂത്രമൊഴിക്കാനിരുന്നു. ആളുകൾ അയാളുടെ അടുക്കലേക്ക് അടുത്തു. നബി(സ) അവരെ തടഞ്ഞുകൊണ്ടു പറഞ്ഞു: അയാളെ വിട്ടയക്കുക. അയാൾ മൂത്രമൊഴിച്ച സ്ഥലത്ത് ഒരുതൊട്ടി വെള്ളമൊഴിക്കുക. നിങ്ങൾ ജനങ്ങളുടെ എളുപ്പത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്; അവരെ ബുദ്ധിമുട്ടിക്കാനായിട്ടല്ല.

പിന്നീട് ആ ഗ്രാമീണഅറബി നബി(സ)യുടെ ആ ഉദാത്തമായ സ്വഭാവത്തെക്കുറിച്ച് പറയാറുണ്ടായിരുന്നുവെന്ന് മറ്റൊരു നിവേദനത്തിൽ പറയുന്നുണ്ട്. അയാൾ പറഞ്ഞു: നബി(സ) തിരുമേനിയുടെമേൽ എന്റെ ഉമ്മയും ബാപ്പയും തെണ്ടമായിരിക്കട്ടെ. അവിടന്ന് എത്ര സ്നേഹത്തോടെയാണ് എനിക്ക് കാര്യം മനസ്സിലാക്കിത്തന്നത്. എന്നെ ചീത്തപറഞ്ഞില്ല. ചോദ്യം ചെയ്തില്ല. അടിക്കുകയോ തല്ലുകയോ ചെയ്തില്ല. മറിച്ച്, സമാധാനത്തോടെ കാര്യങ്ങൾ മനസ്സിലാക്കിത്തന്നു.

വിവരമില്ലാത്ത മനുഷ്യനെ ഏതുരീതിയിലാണ് മനസ്സിലാക്കിക്കൊടുത്തതെന്ന് നോക്കുക. അയാളുടെ മുഖച്ഛായതന്നെ മാറിപ്പോയി.

തെറ്റുധാരണ ഒരു വിഷമാണ്. അത് സമൂഹത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഒരു ചെറിയ തെറ്റുധാരണ കൊണ്ട് കുടുംബത്തിൽ വിള്ളലുകളുണ്ടാകുന്നു. ബന്ധങ്ങളിൽ അകൽച്ചയുണ്ടാകുന്നു. ഔദ്യോഗികഭാരവാഹികളോട് വെറുപ്പുണ്ടാകുന്നു. ഔദ്യോഗികഭാരവാഹി

കൾക്ക് ജനങ്ങളോട് വെറുപ്പും വിദ്വേഷവും ഉണ്ടാകുന്നു. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞത്,

***യാ അയ്യുഹല്ലദീന ആമനുജ്തനിബൂ കഥീറൻമ്മിനള്ളന്നി*** വിശ്വസിച്ചവരേ! ഊഹങ്ങളിൽ അധികവും നിങ്ങൾ ഒഴിവാക്കുവിൻ. കാരണം ചില ഊഹങ്ങൾ പാപങ്ങളാണ്. (*49:13*)

നബി(സ) തിരുമേനി ഏറ്റവും ചെറിയ തെറ്റുധാരണയിൽനിന്നുപോലും ഒഴിഞ്ഞുനിന്ന് മാതൃക കാണിച്ചു; ബലഹീനരായ വിശ്വാസികളുടെ വിശ്വാസം നഷ്ടപ്പെട്ടു പോകാതിരിക്കാൻ വേണ്ടി.

നബി(സ) തിരുമേനി വളരെ മനോഹരമായ നിലയിലായിരുന്നു ഉപദേശിച്ചിരുന്നത്. അത് ജനങ്ങളിൽ നല്ല സ്വാധീനവും ഉണ്ടാക്കിയിരുന്നു. എന്നല്ല ചില സന്ദർഭങ്ങളിൽ ചിലർ ആ പ്രിയങ്കരമായ ശൈലിക്കു മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തിയിരുന്നു.

പ്രത്യക്ഷത്തിൽ നോക്കിയാൽ വളരെ ചെറുതായൊരു സംഭവം നിവേദനത്തിൽ വന്നിട്ടുണ്ട്. എതിരാളികൾക്ക് ആക്ഷേപിക്കാൻ ഇടനല്കുന്ന ചെറിയൊരു സന്ദർഭംപോലും അവിടന്ന് ആർക്കും കൊടുത്തിരുന്നില്ല.

ഹസ്‌റത്ത് ഉമ്മുൽ മുഅ്മിനീൻ സഫിയ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഇഅ്തിക്കാഫ് ഇരിക്കുകയായിരുന്നു. രാത്രി നേരത്ത് ഞാൻ നബിയെ കാണാൻവന്നു. കുറച്ചുസമയം ഞങ്ങൾ സംസാരിച്ചിരുന്നു. തിരിച്ചുപോകാൻ എഴുന്നേറ്റപ്പോൾ നബി(സ) എന്നെ യാത്രയയക്കാൻ കുറച്ചു ദൂരം എന്റെ കൂടെ വന്നു. ഞങ്ങൾ രണ്ടുപേരും നടന്നുപോകുമ്പോൾ ഞങ്ങളുടെ അടുത്തൂടെ രണ്ട് അൻസാരികൾ കടന്നുപോയി. നബിയെ കണ്ടപ്പോൾ അവർ വേഗം വേഗം നടക്കാൻ തുടങ്ങി. നബി(സ) തിരുമേനി അവരോട് നില്ക്കാൻ പറഞ്ഞുകൊണ്ട് ഇതെന്റെ ഭാര്യ സഫിയ ആണെന്ന് അവരെ അറിയിച്ചു. അപ്പോൾ ആ അൻസാരി യുവാക്കൾ പറഞ്ഞു: സുബ്ഹാനല്ലാഹ് മആദല്ലാഹ്, ഞങ്ങൾ അങ്ങയെ തെറ്റുധരിക്കുകയോ? അവിടന്ന് പറഞ്ഞു. രക്തം ശരീത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതുപോലെയാണ് ശയ്ത്വാൻ ശരീരത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ തെറ്റുധരിക്കുകയും അങ്ങനെ നാശമടയുകയും ചെയ്യുമോ എന്ന് എനിക്ക് ശങ്കയുണ്ടായി.

അവർക്ക് കാര്യം വ്യക്തമാക്കിക്കൊടുക്കാൻ അല്ലാഹു നബി(സ) തിരുമേനിയെ അറിയിച്ചിട്ടുണ്ടാകും. ഇല്ലെങ്കിൽ അത് ചർച്ചാവിഷയമാവുകയും അങ്ങനെ ഫിത്ന പൊട്ടിപ്പുറപ്പെടുകയും ചെയ്തേക്കാം. അതുകൊണ്ട് ഇതിൽനിന്ന് എപ്പോഴും രക്ഷപ്പെടേണ്ടതാണ്.

അയൽവാസികളോടുള്ള കടമ നിറവേറ്റേണ്ടതിനെ സംബന്ധിച്ച് ഒരുപാട് നിർദ്ദേശങ്ങൾ നബി(സ) നല്കുകയുണ്ടായി. സ്വഹാബിമാരും, അയൽവാസികളെ സന്തോഷിപ്പിക്കുന്നതിനായി പരിശ്രമിച്ചിരുന്നു. ഒരിക്കൽ ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ നല്ലതാണോ ചീത്തയാണോ ചെയ്യുന്നതെന്ന് എങ്ങനെയാണ് തിരിച്ചറിയുക. നബി(സ) പറഞ്ഞു: നിങ്ങൾ വളരെ നല്ലവനാണെന്ന് നിങ്ങളുടെ അയൽവാസി പറയുന്നതു കേട്ടാൽ നിങ്ങളുടെ പ്രവർത്തനരീതി നല്ലതാണെന്ന് മനസ്സിലാക്കിക്കൊള്ളുക. നിങ്ങൾ വളരെ മോശമാണെന്ന് നിങ്ങളുടെ അയൽവാസി പറയുന്നത് കേട്ടാൽ നിങ്ങളുടെ പ്രവർത്തനം മോശമാണെന്ന് മനസ്സിലാക്കിക്കൊള്ളുക.

അതായത്, നിങ്ങൾ സ്വയം നിങ്ങളുടെ ജഡ്ജാകരുത്. ചിലയാളുകൾ സ്വയം പുകഴ്ത്തിക്കൊണ്ട് ഞാൻ നല്ലവനാണെന്ന് പറയാറുണ്ട്. (അത് അംഗീകരിക്കപ്പെടുകയില്ല) നിങ്ങളുടെ അയൽവാസി നിങ്ങൾ നല്ലവനാണെന്ന് സാക്ഷിപറയുമ്പോഴാണ് നിങ്ങൾ നല്ലവരായിത്തീരുന്നത്. ഓരോരുത്തരും ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മനോഹരമായ ഒരു സമൂഹം നിലവിൽ വരുന്നതാണ്. പിന്നീട് അവിടന്ന് പറഞ്ഞു: അയൽവാസിയെ അനന്തരാവകാശിയാക്കിത്തീർക്കുമെന്ന് ഞാൻ ധരിക്കുവോളം അയൽവാസികളെ സംബന്ധിച്ച് ജിബ്‌രീൽ എന്നോട് വസിയ്യത്ത് ചെയ്തുകൊണ്ടിരുന്നു." ഇത്രമാത്രം പ്രാധാന്യം അയൽവാസികൾക്കുണ്ട്.

പിന്നീട് വരുന്നത് ഭരണകർത്താക്കളെ അനുസരിക്കുക എന്നതാണ്. നബി(സ) പറഞ്ഞു: ഭരണകർത്താക്കളെ അനുസരിക്കുക എന്നത് നിങ്ങൾക്ക് നിർബന്ധമായ കാര്യമാണ്. ഒരു നീഗ്രോ അടിമയെയാണ് നിങ്ങളുടെ അമീറായി നിശ്ചയിക്കുന്നതെങ്കിൽ, നിങ്ങൾ അദ്ദേഹത്തേയും അനുസരിക്കുക. ഏതു രാജ്യത്താണോ നിങ്ങൾ വസിക്കുന്നത് ആ രാജ്യത്തെ സ്നേഹിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു: രാജ്യത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണ്. അതുകൊണ്ട് രാജ്യത്തെ സ്നേഹിക്കുക, മേലധികാരികളെ അനുസരിക്കുക എന്നത് ഈമാന്റെ ഭാഗമാണെന്ന കാര്യവും ഓർക്കുക. അതിനാൽ ഒരു മുസൽമാനെ സംബന്ധിച്ചിടത്തോളം അവർ ഏത് രാജ്യത്ത് വസിക്കുന്നവരാണെങ്കിലും രാജ്യത്തെ നിയമങ്ങളെ അനുസരിച്ചുകൊണ്ട്, ശാന്തിയോടും സമാധാനത്തോടും കൂടി ജീവിക്കേണ്ടതാണ്. മേലധികാരികളോട്, അവരുടെ ഉൽകൃഷ്ടസ്വഭാവം എന്തായിരിക്കണമെന്നും പറഞ്ഞു. നിങ്ങൾ നിങ്ങളെ ജനതയുടെ സേവകരാണെന്ന് മനസ്സിലാക്കുമ്പോഴാണ് അതിനോടനുബന്ധിച്ച ഉൽകൃഷ്ട സ്വഭാവം വെളിപ്പെടുന്നത്. ജനതകളെ സേവിക്കുന്നതിനായി എല്ലാ കഴിവുകളും പ്രയോഗിക്കേണ്ടതാണ്. അപ്പോൾ വ്യക്തിഗതമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനു പകരം ജനങ്ങളെ സേവിക്കാൻ ശ്രമിക്കുന്നതാണ്. അപ്പോഴാണ് നിങ്ങൾ നല്ല ലീഡർ എന്നും നല്ല ഓഫീസർ എന്നും പറയപ്പെടുക.

ചുരുക്കത്തിൽ, നബി(സ) നമ്മെ പഠിപ്പിച്ച നിരവധി ഉൽകൃഷ്ട സ്വഭാവങ്ങളും മര്യാദകളും ഉണ്ട്. അവിടന്ന് തന്റെ കർമ്മങ്ങൾക്ക് അതിന്റേതായ നില സ്ഥാപിച്ചു. ഈ ഉൽകൃഷ്ട സ്വഭാവങ്ങളുടെ ഉസ്താദ് നമ്മെ

പഠിപ്പിച്ചിട്ടില്ലാത്തതും ജനങ്ങളോട് പറഞ്ഞിട്ടില്ലാത്തതുമായ ഒരു നല്ല സ്വഭാവവുമില്ല. ഇത് നമ്മുടെ ജീവിതത്തിൽ നടപ്പിൽവരുത്തിയാൽ മാത്രം പോര, അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കണം. എന്നല്ല അതിന്റെ ഉന്നതമായ നില നാട്ടുകയും വേണം. അഥവാ പരിഷ്ക്കരണത്തിനായി പ്രവർത്തിക്കുമ്പോൾ വെറുപ്പുണ്ടായാൽത്തന്നെ ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളുടെ ഉള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. പരിഷ്ക്കരണം ആയിരിക്കണം ലക്ഷ്യം; വിദ്വേഷം ആയിരിക്കരുത്. ഈ നില ഒരഹ്മദി തന്റെ ഉള്ളിൽ സൃഷ്ടിക്കേണ്ടതാണ്.

ഹസ്റത്ത് ആയിശ(റ) പറയുന്നു: ഒരാൾ നബിയുടെയടുക്കൽ വരാൻ അനുവാദം ചോദിച്ചു. നബി(സ) അയാളെ കണ്ടുകൊണ്ട് പറഞ്ഞു: ഇയാൾ ഇയാളുടെ കുടുംബത്തിൽ വളരെ മോശപ്പെട്ട സഹോദരനാണ്. കുടംബത്തിലെ ഏറ്റവും മോശമായ മകനാണ്. അയാൾ അകത്ത് വന്നിരുന്നപ്പോൾ നബി(സ) വളരെ സന്തോഷത്തോടെ അയാളുമായി സംസാരിച്ചു. അയാൾ പോയിക്കഴിഞ്ഞപ്പോൾ ഹസ്റത്ത് ആയിശ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അങ്ങ് അയാളെ കണ്ടപ്പോൾ അയാളെക്കുറിച്ച് ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞു. പിന്നീട് സംസാരിച്ചപ്പോൾ വളരെ നല്ലനിലയിൽ സന്തോഷം പ്രകടിപ്പിച്ചു. അവിടന്ന് പറഞ്ഞു: ആയിശ (റ)! ഞാനെപ്പോഴെങ്കിലും ചീത്തപറയുന്നതായി നീ കണ്ടിട്ടുണ്ടോ? തീർച്ചയായും ഖിയാമത്തുന്നാളിൽ ഏറ്റവും മോശപ്പെട്ട മനുഷ്യൻ, ഒരുവന്റെ തിന്മയെ പേടിച്ച് അവനുമായി കൂടിക്കാഴ്ച നടത്താനാഗ്രഹിക്കാത്തവനായിരിക്കും.

വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: ഖാത്തമുൽഅമ്പിയാ(സ)യെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങൾ, ഹസ്റത്ത് മൂസാ(അ)യെക്കാൾ ആയിരം മടങ്ങ് ഉയർന്ന നിലയിലുള്ളതാണ്. കാരണം, വിവിധ പ്രവാചകന്മാരിൽ ഉണ്ടായിരുന്ന വിവിധതരം ഉൽകൃഷ്ട സ്വഭാവഗുണങ്ങൾ ഖാത്തമുൽഅമ്പിയാ അഥവാ പ്രവാചകന്മാരിൽ ശ്രേഷ്ഠനായ മുഹമ്മദുനബി(സ)യിൽ സമ്മേളിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല നബി(സ) തിരുമേനിയെക്കുറിച്ച് ***ഇന്നക്ക ലഅലാ ഖുലുഖിൻ അളീം*** എന്നും പറഞ്ഞിട്ടുണ്ട്. നീ മഹത്തായ ധാർമ്മികഗുണങ്ങളുള്ളവൻ തന്നെയാണ്.(*68:5*) ***അളീം*** എന്ന പദംകൊണ്ട് ഏതൊരു വസ്തുവിനെയാണോ പുകഴ്ത്തിപ്പറയുന്നത്, അത് അറബിഭാഷാപ്രയോഗത്തിൽ ആ വസ്തുവിന്റെ പരമമായ അവസ്ഥയെ സൂചിപ്പിക്കുന്നതാണ്. ഉദാഹരണത്തിന് ഈ മരം ***അളീം*** ആണെന്ന് പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം ആ മരത്തിന് എത്രത്തോളം അതിന്റെ ഉയരത്തിലും വണ്ണത്തിലും പരപ്പിലും വളരാൻ കഴിയുമോ അത്രമാത്രം അത് വളർന്നിരിക്കുന്നു എന്നാണ്. അതുപോലെതന്നെയാണ് ഈ ആയത്തിന്റെ അർത്ഥവും. ഒരു മനുഷ്യന് എത്രത്തോളം ഉൽകൃഷ്ടസ്വഭാവഗുണങ്ങളും സൗശീലങ്ങളും സമ്പാദിക്കാൻ കഴിയുമോ അതെല്ലാം പരിപൂർണ്ണമായ നിലയിൽ മുഹമ്മദ് നബി(സ)യിലുണ്ട്." ഇതിനേക്കാൾ അപ്പുറത്ത് ഒരു നിർവചനം ഇതിനു കൊടുക്കുക സാധ്യമല്ല.

വീണ്ടും അവിടന്ന് പറയുന്നു: നബി(സ)യുടെ ജീവിതം ഒരു മഹത്തായ ജീവിതമാണ്. അത് ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളിലായാലും പരിശുദ്ധമായ ശക്തി പ്രഭാവത്തിലായാലും സവിശേഷമായ അദ്ധ്യാപനങ്ങളിലായാലും സമ്പൂർണ്ണമായ മാതൃകയിലായാലും ദുആ സ്വീകാര്യതയുടെ കാര്യത്തിലായാലും ഏത് രംഗങ്ങളിലും നബി(സ)യിൽ വിളങ്ങിയിരുന്നു. ശത്രുതയും വെറുപ്പും ഇല്ലാത്ത മൂഢനായ ഒരു വ്യക്തിക്കുപോലും അത് കണ്ടിട്ട് നബിയുടെ സത്യത മനസ്സിലാക്കാൻ സാധിക്കും. മൃഗപ്രകൃതക്കാരായ അറബികളിൽ നബി (സ)തിരുമേനി വരുത്തിയ മാറ്റവും പടുകുഴിയിൽനിന്ന് അവരെ എടുത്ത് അത്യുന്നതങ്ങളിലെത്തിച്ച നബിയുടെ രീതിയുമെല്ലാം കാണുന്ന സാധാരണക്കാരനുപോലും പറയാൻ കഴിയും; അവിടന്ന് മഹത്തായ വിപ്ലവമാണുണ്ടാക്കിയതെന്ന്. ലോകത്ത് അതിന് മാതൃക ലഭിക്കുകയില്ല. ഇത് കഥകളല്ല. യഥാർത്ഥ സംഭവങ്ങളാണ്. ആ മഹാത്മാവിന്റെ സത്യത കാലഘട്ടത്തിന് അംഗീകരിക്കേണ്ടതായി വരും."

ഇന്ന് അവിടത്തെ ഉൽകൃഷ്ടമായ സ്വഭാവങ്ങൾ സ്വായത്തമാക്കേണ്ടത് നമ്മുടെ കടമയാണ്. ആ ഉൽകൃഷ്ടസ്വഭാവങ്ങളുടെ ഉടമയാണ് നമ്മെ ഇത് പഠിപ്പിച്ചതെന്ന് ലോകത്തോട് പറയുക. സുന്ദരമായ സമൂഹ സംസ്ഥാപനത്തിന് അത് സ്വായത്തമാക്കേണ്ടത് നിർബ്ബന്ധമാണ്. ഇത് നമ്മുടെ മാതൃകയിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കേണ്ടതായും വരും. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
19.8.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala